


# BUTTERFLY

**SRV NSS VHSS CHIRAKKADAVU**

BUTTERFLY



വെളിച്ചമേ...നയിച്ചാലും...

# SRV NSS VHSS
# THEKKETHUKAVALA P.O
# CHIRAKKADAVU 686519
# Ph:228453
# 2018-19



H

HONOURABLE MANAGER
Sri.M.K.ANILKUMAR



“ S.R.V. യുടെ 'കൊച്ചുപട്ടങ്ങൾക്ക്' പറന്നുയരാൻ ഒരു തെളിഞ്ഞ നീലാകാശവും എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു"

HONOURABLE HEADMISTRESS
BINDU.V.NAIR



കാർഷിക സെമിനാർ
വിവിധയിനം കൃഷിരീതികൾ ജൈവവളങ്ങൾ, പോളിഹൗസ് നിർമാണം ഗ്രീൻ ഹൗസ് നിർമാണം തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നതിനായി കാർഷിക സെമിനാർ സംഘടിപ്പിച്ചു ചിറക്കടവ് കൃഷി ഓഫീസിർ ക്ലാസുകൾ നയിച്ചു. പച്ചക്കറി വിത്തുകളും തൈകളും വിതരണം നടത്തി.



2017-18 അദ്ധ്യാന വർഷത്തിൽ പൊൻകുന്നത്ത് വച്ച് നടത്തിയ മികവുത്സവത്തിനോടനുബന്ധിച്ച് സ്കൂൾ കുട്ടികൾ നടത്തിയ Flash mob -ന്റെ ഇടയിൽ.



2017-18 അദ്ധ്യാന വർഷത്തിൽ നടത്തിയ വാർഷിക ആഘോഷത്തിൽ ബഹുമാനപ്പെട്ട സ്കൂൾ മാനേജർ ശ്രീ M.K. Anilkumar അദ്ധ്യക്ഷതവഹിച്ചപ്പോൾ....



സ്കൂൾ വാർഷികത്തിനിടയിൽ വിദ്യാരംഗം കലാസാഹിത്യവേദി നിർമ്മിച്ച മാഗസിൻ ബഹുമാനപ്പെട്ട A.E.O Appukuttan sir പ്രസിദ്ധീകരിച്ചപ്പോൾ...




S.R.V. N.S.S. V.H.S.S. ലെ സോഷ്യൽ സയൻസ്സ് അദ്ധ്യാപകന്റെ നേതൃത്ത്വത്തിൽ നിർമ്മിച്ച short film A.E.O Appukuttan sir പ്രസിദ്ധീകരിച്ചു. അഭിനവ് ബിജു, അഭിറാം, ഗോപു കൃഷ്ണ, ജസീന, ഗൗരി നന്ദന, നന്ദന കൃഷ്ണ എന്നിവർ അഭിനയിച്ചു. 2017-18 സ്കൂൾ അദ്ധ്യായ വർഷത്തിലെ ഏറ്റവും മികച്ച പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു...

# ഞങ്ങളുടെ വിവിധ പ്രവർത്തനങ്ങൾ

പഠനത്തോടൊപ്പം കലയേയും കായികത്തേയും പ്രോത്സാഹിപ്പിക്കുന്ന **എസ്. ആർ. വി. എൻ. എസ്. എസ്. വി. എച്ച്. എസ്. എസ്.** കാഞ്ഞിരപ്പള്ളിയിൽ ഏറെ മുമ്പിലാണ്.

# താളുകൾ മറിയുമ്പോൾ


എൻ മുല്ലപ്പൂവ്.......... 09

മിന്നാമിനുങ്ങ്.......... 10

കുട്ടികൾക്കെന്നും കൂട്ടായി കുഞ്ഞുണ്ണി.......... 12

പ്രേമസംഗീതം.......... 13

പേരക്ക.......... 18

ജ്യാമിതീയ രൂപം.......... 20

രണ്ടക്ഷരം.......... 21

എന്തോരു ചന്തം.......... 23

മിനുക്കം.......... 24

രേണുക.......... 25

ഓർമ്മയിൽ ഒരു സഹപാഠി.......... 27

ദുരവസ്ഥ.......... 28

സംഖ്യകളുടെ തമ്പുരാൻ.......... 29

കുട്ടിയും തള്ളയും.......... 32

സഫലമീ യാത്ര.......... 34

സംഖ്യകളുടെ ചരിത്രം.......... 37

മരിക്കേണ്ടതെന്തിന്.......... 40

ജനലഴികളിലൂടെ.......... 42

മരണത്തിന് മുമ്പ് ഒരു നിമിഷം.......... 45

# എൻ മുല്ലപ്പൂവ്



*മുറ്റത്തു നിൽക്കുന്ന മുല്ലപ്പൂവേ*
*നിന്റെ അജയ്യമായ സുഗന്ധത്തിൽ*
*ഞാൻ മൂകനായ് നിൽക്കുകയായ്*
*നിൻ തൂമലർ മൊട്ടുപോൽ മന്ദഹാസത്തിൽ-*
*ഞാൻ ഏകൈകനായ് പോകുന്നപോൽ.*

*പ്രകൃതിയെപാടിയുണർത്തുകയാണനീ*
*ലോകത്തിൽ നിൻഗന്ധംപാറിപ്പറക്കുമ്പോൾ*
*അതിലൊരു പുഷ്പം നീയല്ലയോ അത്*
*വെള്ളപുഷ്പമായ എൻമുല്ലപ്പൂവേ*
*എൻ ഹൃദയത്തിലെ രാജ്ഞിയാം പൂവേ*
*രാത്രിതൻനിശ്ശബ്ദതവാണിടുമ്പോൾ*
*നിൻ ഗന്ധത്തിലാടുകയായ് മലനിരകൾ*
*പാട്ടുകൾ ആലപിക്കും നേരത്ത്*
*നിൻ മലർ മന്ദഹാസം എൻ ഹൃദയത്തിൽ*
*പാടുകയായ് പ്രണയത്തിൻ സംഗീതം*
*മുല്ലപ്പൂതൻ സുഗന്ധം നാം വാണിടുന്ന*
*അമ്മതൻ ഭൂമിക്ക് ആത്മവിശ്വാസമേകിടുന്നു.*

*മുറ്റത്തു നിൽക്കുന്ന മുല്ലപ്പൂവേ*
*നിന്റെ അജയ്യമായ സുഗന്ധത്തിൽ*
*ഞാൻ മൂകനായ് നിൽക്കുകയായ്*
*നിൻ തൂമലർ മൊട്ടുപോൽ മന്ദഹാസത്തിൽ-*
*ഞാൻ ഏകൈകനായ് പോകുന്നപോൽ.*

*-അഭിജിത്ത്.പി.ബി*

# മിന്നാമിനുങ്ങ്

കുമാരനാശാന്



ഇതെന്തൊരാനന്ദമിതെന്തു കൗതുകം!
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു ഹാ! പറ-
ന്നിതാ തൊട്ടമ്മുമ്പിതു വിണ്ണിലായിതേ!

ഉടൻ മടങ്ങുന്നിത, പൂത്തിരുട്ടിലായ്-
ക്കിടന്ന വേലിച്ചെടിതന്റെ തുമ്പിതിൽ;
ചുടുന്നതില്ലിച്ചെറുതീയതൊന്നുമേ!
കെടുന്നുമില്ലീ മഴയത്തുപോലുമേ!

ഇരിക്കൊലാ പൊങ്ങുക, വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ,
വരിഷ്ഠമാം തങ്കമുരച്ച രേഖപോ-
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ.
സ്ഫുരിക്കമീ നിന്നുടലിൻ പദാർത്ഥമെ-

ത്തുരയ്ക്കു, മിന്നൽപ്പിണരിൻ സ്ഫുലിംഗമോ?

വിരഞ്ഞുപോം താരഗണങ്ങൾ തമ്മിലാ-

ഞ്ഞുരഞ്ഞുപാറും പൊടിയോ, നിലാവതോ?


പുളച്ചിടുന്നെന്മനതാരഹോ! വെറും
വെളിച്ചമേ, വാ കിളിവാതിലൂടെ നീ,
വിളിച്ചുകേളാത്തവിധം ഗമിക്കിലാ-
മൊളിച്ചിടാൻ കള്ള, നിനക്കു വയ്യെടോ!

പിലാവിലും തെങ്ങിലുമക്കവുങ്ങിലും
വിലോലമായ് മാവിലുമങ്ങുമിങ്ങുമേ
വിലങ്ങിടും നീ പ്രകൃതിക്കു ചാർത്തുവാൻ
നിലാവു പൂമ്പട്ടിനു പാവു നെയ്കയോ?

മിനുങ്ങി നീ ചെന്നിട്ടു, മാറണയ്ക്കുവാൻ
കനിഞ്ഞിതാ കൈത്തളിരാർന്ന ഭ്രൂഹം
അനങ്ങിടാതങ്ങനെ നിൽപ്പി,താർക്കുമേ
മനം കൊതിക്കും മൃദുവെത്തൊടാനെടോ!

-അമീന അൻസാരി

# കുട്ടികൾക്കെന്നും കൂട്ടായി കുഞ്ഞുണ്ണി



'വലിയൊരു ലോകം
നന്നാകാൻ ചെറിയൊരു
സൂത്രം
ചെവിയിലോതാം ഞാൻ
സ്വയം നന്നാവുക'.....

സത്യമേ ചൊല്ലാവൂ
ധർമ്മമേ ചെയ്യാവൂ
നല്ലതേ നൽകാവൂ
വേണ്ടതേ വാങ്ങാവൂ

ഠായിഠായി മിഠായി
തിന്നുമ്പോൾ എന്തിഷ്ടായി
തിന്നു കഴിഞ്ഞാൽ കഷ്ടായി

വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചാൽ വളരും
വായിച്ചില്ലെങ്കിൽ വളയും
(കുഞ്ഞുണ്ണി മാഷ് )

-ലക്ഷ്മി കൃഷ്ണ

# പ്രേമസംഗീതം

**ഉള്ളൂർ എസ് പരമേശ്വരയ്യർ**




ഒരൊറ്റമതമുണ്ടു -ലകി,ന്നയിരാം പ്രേമം; അതൊന്നല്ലോ
പരക്കെ നമ്മെപ്പാലമൃളട്ടും പാർവണശശിബിംബം
ഭക്ത്യനരാഗദയാദിവപുസ്സാപ്പരാത്മചൈതന്യം
പലമട്ടേന്തിപ്പാരിതിനെങ്ങും പ്രകാശമരുളുന്നു.
അതിന്നൊരരിയാം നാസ്തികൃംതാൻ ദ്വേഷം; ലോകത്തി--
ന്നഹോ! തമസ്സാമതിലടിപെട്ടാലകാലമൃത്യു ഫലം.
മാരണദേവതയാമതു മാറ്റും മണവറ പട്ടടയായ്,
മട്ടുമലർവാടിക മരുപ്പറമ്പായ്, വാനം നാരകമായ്.

പദങ്ങളന്വയമാർന്നേ വാക്യം ഭവിപ്പൂ സാർത്ഥകമായ്;
ശ്രുതിയും താളവുമൊത്തേ ഗാനം ശ്രോത്രസുഖം നല്കൂ.
പരാർദ്ധസംഖ്യം പരമാണുഗണം പരസ്പരം ചേരും
ശരീരമുടയോന്നല്ലീ സകലം ചരാചരഗ്രാമം?

പരാനപേക്ഷം പ്രാണിക്കമരാൻ പഴുതില്ലൊരിടത്തും;
പരൻപുമാനും പ്രകൃതിസഹായൻപ്രപഞ്ചഘടനത്തിൽ.

പേർത്തും തമ്മിൽ പൃഥ്വ്യപ്തേജോവായ്വാകാശങ്ങൾ
പിണയ്ക്കമേന്മേൽ സൃഷ്ടിയിലീശൻ; പിരിപ്പു സംഹൃതിയിൽ
വരിഞ്ഞു നില്പൊരു സു-മമളിയെത്തൻ വിശിഷ്ടഗന്ധത്താൽ
വിവിക്തവിരസം വീണ്ടും വീണ്ടും വിളിപ്പുസവിധത്തിൽ
മധുവ്രതത്തിനു മട്ടുമലർ വേണം മനം കുളിർപ്പിപ്പാൻ
മലർന്ന പൂവിനു വണ്ടും വേണം മന്നിതു വിണ്ണാവാൻ
പ്രജകൾ ജഗത്തിൽ സുകൃതികൾ ജായാപതികൾ നട്ടും ശുഭമാം
പരസ്പരപ്രണയാമരതരുവിൻ ഫലപ്രകാണ്ഡങ്ങൾ
ചൂടാൻമലരും ഘനമായ്ത്തോന്നിനദോഹദകാലത്തിൽ
ചുമന്നിരിപ്പൂ ദുർഭരഗർഭം സുഖേന ജനയിത്രി
**പിതാപ്രേമസംഗീതം**

ഒരൊറ്റമതമുണ്ടു -ലകി,ന്നുയിരാം പ്രേമം; അതൊന്നല്ലോ
പരക്കെ നമ്മെപ്പാലമൂട്ടും പാർവണശശിബിംബം
ഭക്ത്യനുരാഗദയാദിവപുസ്സാപ്പരാത്മചൈതന്യം
പലമട്ടേന്തിപ്പാരിതിനെങ്ങും പ്രകാശമരുളുന്നു.
അതിന്നൊരരിയാം നാസ്തികൃംതാൻ ദ്വേഷം; ലോകത്തി--
ന്നഹോ! തമസ്സാമതിലടിപെട്ടാലകാലമൃത്യു ഫലം.
മാരണദേവതയാമതു മാറ്റും മണവറ പട്ടടയായ്,
മട്ടുമലർവാടിക മരുപ്പറമ്പായ്, വാനം നാരകമായ്.

പദങ്ങളന്വയമാർന്നേ വാക്യം ഭവിപ്പു സാർത്ഥകമായ്;
ശ്രുതിയും താളവുമൊത്തേ ഗാനം ശ്രോത്രസുഖം നല്കൂ.
പരാർദ്ധസംഖ്യം പരമാണുഗണം പരസ്പരം ചേരും
ശരീരമുടയോന്നല്ലീ സകലം ചരാചരഗ്രാമം?

പരാനപേക്ഷം പ്രാണിക്കമരാൻ പഴുതില്ലൊരിടത്തും;
പരൻപുമാനും പ്രകൃതിസഹായൻപ്രപഞ്ചഘടനത്തിൽ.
പേർത്തും തമ്മിൽ പൃഥ്വ്യപ്തേജോവായ്വാകാശങ്ങൾ
പിണയുമേന്മേൽ സൃഷ്ടിയിലീശൻ; പിരിപ്പു സംഹൃതിയിൽ
വരിഞ്ഞു നില്പൊരു സു-മമളിയെത്തൻ വിശിഷ്ടഗന്ധത്താൽ
വിവിക്തവിരസം വീണ്ടും വീണ്ടും വിളിപ്പുസവിധത്തിൽ
മധുവ്രതത്തിനു മട്ടുമലർ വേണം മനം കുളിർപ്പിപ്പാൻ
മലർന്ന പൂവിനു വണ്ടും വേണം മന്നിതു വിണ്ണാവാൻ
പ്രജകൾ ജഗത്തിൽ സുകൃതികൾ ജായാപതികൾ നട്ടും ശുഭമാം
പരസ്പരപ്രണയാമരതരുവിൻ ഫലപ്രകാണ്ഡങ്ങൾ
ചൂടാൻമലരും ഘനമായ്യോന്നിനദോഹദകാലത്തിൽ
ചുമന്നിരിപ്പൂ ദുർഭരഗർഭം സുഖേന ജനയിത്രി
പിതാവു, മാതാ, വുടപ്പിറന്നോർ ബാന്ധവരിഷ്ടന്മാർ
പ്രേയസി, മക്കൾ, ഭുജിഷ്യർ തുടങ്ങി പ്രേമപരാധീനർ
പരിചരണോദ്യതർ പലജീവികൾതൻ പരിതഃസ്ഥിതിമൂലം
പദേപദേ നാം പ്രമുദിതർ കാണ്മൂ ഭവാബ്ധി ഗോഷ്പദമായ്

പ്രപഞ്ചമുകുരം നമ്മുടെ രൂപം പ്രതിബിംബിപ്പിപ്പൂ;
പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം പ്രതിധ്വനിപ്പിപ്പൂ;
പ്രപഞ്ചമസ്മദ്വചനാമ്രേജനപണ്ഡിതമാം കീരം
പ്രപഞ്ചമസ്മൽഭാവവിഡംബന പാടവമാർന്ന നടൻ;
പ്രപഞ്ചഭൂമിയിൽവിതച്ചവിത്തിൻ ഫലത്തെ നാം കൊയ്‌വൂ;
പ്രപഞ്ചമരുൾവൂ പട്ടും വെട്ടും പകരത്തിനുപകരം.
വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം,
വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം.
പേശലമല്ലൊരു വസ്തുവുമുലകിൽ പ്രേക്ഷകനില്ലെന്നാ,-
ലീശ്വരസൃഷ്ടിയിലെങ്ങെങ്ങില്ലീയിതരേതരയോഗം?
പദാർത്ഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം;
പ്രാണികുലത്തിൻ പ്രഥമാത്മഗുണം പരസ്പരപ്രേമം.

നമിക്കിലുയരാം, നടുകിൽത്തിന്നാം, നൽകുകിൽ നേടി-ടാം;
നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ
മനവും മിഴിയും നാവും കരവും മന്നിൻ മാലകലാൻ
മഹാനുകമ്പാമസൃണിതമാക്കും മനുഷ്യർ ദേവന്മാർ
പാഷാണൗഷധിപക്ഷിമൃഗാദികൾ പല പല വടിവുകളിൽ
പ്രകൃതി ലസിപ്പൂ നമുക്കു ചുറ്റും പരമോത്സവദാത്രി.
പേർത്തും നമ്മിലുമവയിലുമൊപ്പം പ്രേക്ഷിപ്പോർക്കെല്ലാം
പ്രേമാത്മാവായ് വിലസും നമ്മുടെ പിതാവിനെക്കാണാം.
ഉലകാമുത്തമവിദ്യാലയമിതിലുപകാരോപനി,ഷ-
ത്തോതിക്കോനവനുപദേശിപ്പതുമുറക്കവേ കേൾക്കാം.
ഏകോദരസോദരർ നാമേവരു,മെല്ലാജീവികളും
ലോകപടത്തിൽത്തമ്മിലിണങ്ങിടുമോതപ്രോതങ്ങൾ
അടുത്തുനില്പോരനുജരെ നോക്കാനക്ഷികളില്ലാത്തോർ--വു, മാതാ, വുടപ്പിറന്നോർ
ബാന്ധവരിഷ്ടന്മാർ
പ്രേയസി, മക്കൾ, ഭുജിഷ്യർ തുടങ്ങി പ്രേമപരാധീനർ
പരിചരണോദ്യതർ പലജീവികൾതൻ പരിതഃസ്ഥിതിമൂലം
പദേപദേ നാം പ്രമുദിതർ കാണ്മൂ ഭവാബ്ധി ഗോഷ്പദമായ്

പ്രപഞ്ചമുകുരം നമ്മുടെ രൂപം പ്രതിബിംബിപ്പിപ്പൂ;
പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം പ്രതിധ്വനിപ്പിപ്പൂ;
പ്രപഞ്ചമസ്മദ്വചനാമ്രേഡനപണ്ഡിതമാം കീരം
പ്രപഞ്ചമസ്മൽഭാവവിഡംബന പാടവമാർന്ന നടൻ;
പ്രപഞ്ചഭൂമിയിൽവിതച്ചവിത്തിൻ ഫലത്തെ നാം കൊയ്വൂ;
പ്രപഞ്ചമരുൾവൂ പട്ടും വെട്ടും പകരത്തിനുപകരം.
വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം,
വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം.
പേശലമല്ലൊരു വസ്തുവുമുലകിൽ പ്രേക്ഷകനില്ലെന്നാ,-
ലീശ്വരസൃഷ്ടിയിലെങ്ങെങ്ങില്ലീയിതരേതരയോഗം?
പദാർത്ഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം;
പ്രാണികുലത്തിൻ പ്രഥമാത്മഗുണം പരസ്പരപ്രേമം.
നമിക്കിലുയരാം, നടുകിൽത്തിന്നാം, നൽകുകിൽ നേടി-ടാം;

നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ
മനവും മിഴിയും നാവും കരവും മന്നിൻ മാലകലാൻ
മഹാനുകമ്പാമസൃണിതമാക്കും മനുഷ്യർ ദേവന്മാർ
പാഷാണൗഷധിപക്ഷിമൃഗാദികൾ പല പല വടിവുകളിൽ
പ്രകൃതി ലസിപ്പൂ നമുക്കു ചുറ്റും പരമോത്സവദാത്രി.
പേർത്തും നമ്മിലുമവയിലുമൊപ്പം പ്രേക്ഷിപ്പോർക്കെല്ലാം
പ്രേമാത്മാവായ് വിലസും നമ്മുടെ പിതാവിനെക്കാണാം.
ഉലകാമൃത്തമവിദ്യാലയമിതിലുപകാരോപനി,ഷ-
ത്തോതിക്കോനവനുപദേശിപ്പതുമുറക്കവേ കേൾക്കാം.
ഏകോദരസോദരർ നാമേവരു,മെല്ലാജീവികളും
ലോകപടത്തിൽത്തമ്മിലിണങ്ങിടുമോതപ്രോതങ്ങൾ
അടുത്തുനില്പോരനുജരെ നോക്കാനക്ഷികളില്ലാത്തോർ--

**-രോഹിത്ത് ആർ നായർ**

# പേരക്ക



ഉണ്ണ്യേ ജോലിയൊന്നും ആയില്ലേ..?

ഇല്ല സരസ്വതി ഓപ്പോളേ... ഒന്ന് രണ്ട് ഇന്റർവ്യൂ അറ്റൻഡ് ചെയ്തിട്ടുണ്ട്. അടുത്ത് തന്നെ കിട്ടും... ഇന്ന് പാറുവന്നില്ലേ?

ഇല്ല്യ...അച്ഛൻ അവൾക്കൊരു ടച്ച് ഫോൺ വാങ്ങികൊടുത്തിട്ടുണ്ട്. മുത്തശ്ശി വെറ്റിലയിൽ ചുണ്ണാമ്പ് തേക്കണ പോലെ എന്തോ തെച്ചുകൊണ്ടിരിക്യാ. അവളെ കണ്ട് പഠിക്ക് ഉണ്ണ്യേ. എഞ്ചിനീയറിംഗ് മൂന്നാം വർഷം ആയപോഴെക്കും  അവളെ ഇൻഫോസിസ്കാർ റാഞ്ചി കൊണ്ടോയില്ലേ!!!

റാഞ്ചി കൊണ്ടോവാൻ അവളെന്താ വല്ല ഉണക്കമീൻ ആണോ?! ഹി... ഹി... ഹി...

ഉണ്ണ്യേ ഇതിനാ പറയ്യാ അസൂയാന്ന്. ഈ മനസ്സ് നന്നായാലേ നീ ഗതിപിടിക്കൂ.

ഞാനൊരു തമാശ പറഞ്ഞതല്ലേ ഓപ്പോളേ.

ഇപ്പോഴത്തെ കുട്ട്യോൾക്ക് ജീവിതം ഒരു തമാശയാ.

ജീവിതത്തെ ഇത്ര സീരിയസ് ആയി കാണേണ്ട കാര്യമെന്താ?

കണ്ടോ... കണ്ടോ...! തറുതല. നിൻറെ അമ്മയെ കാണട്ടെ ഞാൻ, പറയണ്ട്.

ദീപാരാധന ആയി ഓപ്പോളേ...ഞാനങ്ങോട്ട് ചെല്ലട്ടെ.

ഉം... ഉം...

എന്റെ കൃഷ്ണാ നീ ഇതൊന്നും കേൾക്കുന്നില്ലേ. എന്നെ ഇവരുടെ ഇടയിൽ ഇട്ട് കഷ്ടപെടുത്താതെ, ഇവരെ ഒക്കെ നേരത്തെ അങ്ങ് വിളിച്ചൂടെ.

അയ്യോ കുഞ്ഞമണി ചേച്ചി ഉണ്ടല്ലോ ദീപാരാധനക്ക്... കൃഷ്ണാ ഇവരുടെ ചോദ്യ ശരങ്ങളിൽ പതറാതെ നിൽക്കാൻ... മനക്കരുത്ത് തരില്ലേ നീ.

ണിം...ണിം...ണിം... കൃഷ്ണാ...

ഹൊ ദീപാരാധന കഴിഞ്ഞു. പെട്ടന്ന് സ്ഥലം കാലിയാക്കണം.

"ഉണ്യേ എങ്ങോട്ടാ ദ്ദുതിയിൽ? ഞാനും അവിടെക്കാടാ...ഒന്നിച്ച് പോകാം... ഒരു കൂട്ടം പറയാനിണ്ട്.

ശ്ശി... ദ്ദുതിയുണ്ട് ചേച്ചി നിക്കാൻ സമയമില്ല.

ഓ എന്നാ പോയിക്കോ നീയ്യ്.

അത് നമ്മുടെ കല്യാണിയുടെ മകനല്ലേ കുഞ്ഞമ്മണി!?

അതെ വാരസ്യാരെ, ഒരു മൊശട് ചെക്കനാ. വല്യ എഞ്ചിനീയർ ആണെന്ന് വീരസ്യം പറഞ്ഞ് നടപ്പ് മാത്രേ ഉള്ളൂ.


വാരസ്യാർക്കറിയ്യൊ, ഒരീസം ന്റെ സോമേട്ടൻ മസ്കറ്റിൽ നിന്ന് കൊണ്ടുവന്ന മിസ്റ്റർബട്‌ലർ കേടായി. ഒന്ന് നന്നാക്കി തരാൻ പറഞ്ഞപ്പോ... അവനറിയില്ലത്രെ... എത്രേം ചെറിയ സാധനം നന്നാക്കാനറിയാത്ത ഇവനൊക്കെ എങ്ങനാണാവോ വലിയ വലിയ കെട്ടിടം ഒക്കെ പണിയുന്നെ ന്റെ കൃഷ്ണ!

അവന് ഈ കമ്പ്യൂട്ടറൊക്കെ നന്നാക്കാനറിയുള്ളൂ കുഞ്ഞമ്മണിയേ. അവരെ സോഫ്റ്റ്‌വെയർ എഞ്ചിനീയർന്നാ വിളിക്യാത്രെ.

ഈ കൺഠകൗപീനം ഒക്കെ ധരിച്ച് നടക്കണ ജാതിയല്ലേ... ഇച്ചിരി ഹുങ്ക് കൂടിയില്യച്ചാലെ അത്ഭുതമുള്ളൂ.

**-നാസിൽ സൈനുദീൻ**

# GEOMETRICAL DESIGNS




**സൂരജ് പി.എം.**

# രണ്ടക്ഷരം



ഗുരുവായൂരമ്പലനടയിൽഞാനെത്തിപ്പോൾ
കണ്ടതാദിവ്യമാം മൂർത്തിയെയല്ലിതു
രണ്ടക്ഷരം പാരിലോരോ ജനങ്ങളും
കൊണ്ടുവന്നീടുന്നു ഇവിടേക്കവസാനം

ഭൂമിയിൽ ശ്രേഷ്ഠരും മർത്ത്യനുമാതാവും
ചേർന്നുള്ളൊരാവിഗ്രഹത്തിൻ, ഉടയാട
യാരിതു കീറിപ്പറിച്ചതും അതിൻമു-
മ്പതങ്ങു ചെളിയിൽ കുതിർത്തതും

സഹിച്ചില്ലെനിക്കൊട്ടുമെന്നിരു
സഹനത്തിൻ ശേഷിയിൽ കണ്ടുനിൽക്കെ
കുത്തിയിളക്കിയെൻ ഓർമ്മകളോരോന്നായ്
കുത്തിപ്പിളർന്നിടും ചേതസ്സിനാൽ

ചുക്കിച്ചുളിഞ്ഞത് മുഖമൊന്നാണെങ്കിലും
ചുക്കിച്ചുളിഞ്ഞതാ സ്നേഹവും ശ്വാസവും
ഒക്കെയോരോ കടങ്കഥകളായങ്ങ് എൻ
മുമ്പിലൂടിഴഞ്ഞുനീങ്ങി

ഇക്കാഴ്ച്ചകളൊക്കയും കാണുന്നനേരത്ത്

കണ്ണുകൾമെല്ലെയൊന്നീറനായിട്ടങ്
ഹൃദയത്തിൻ ഭാരമൊന്നേറെയായി

ചൂടുള്ളൊരാനീരു ചുണ്ടിൽ പതിക്കവേ
അറിയാതുരുവിട്ടു ഞാന
മ്മയെന്നുള്ളൊരാ രണ്ടക്ഷരം

-ഗോപു കൃഷ്ണ .എച്ച്

# എന്തൊരു ചന്തം



shutterstock.com • 544274581

*നീലയുടുപ്പിട്ടു താഴോട്ടുനോക്കും*
*മാനത്തിനെന്തൊരു ചന്തം*
*മഞ്ഞയുടുപ്പിട്ടു പാറിനടക്കുന്നന്തൊരു ചന്തം*
*പറവകൾക്കെന്തൊരു ചന്തംന്തൊരു ചന്തം*
*പച്ചപുതച്ചപരന്നു കിടക്കുന്ന*
*മാമലകൾക്കെന്തൊരു ചന്തം*
*വെള്ളയും മഞ്ഞയും നീലയും ചോപ്പുമായ്*
*പൂക്കൾ തരുമെന്തു  ചന്തം*
*ഏഴു നിറങ്ങളിൽ മാനത്തുവന്നെത്തും*
*മഴവില്ലിനെന്തൊരു ചന്തം*
*കറുകറെ കറുപ്പുള്ള കാക്കയ്ക്കും ചന്തം*
*ചെല,ചെല,ചിലയ്ക്കുന്ന പക്ഷിക്കും ചന്തം*
*തുരു തുരെ പെയ്യുന്ന മഴയ്ക്കെന്തു ചന്തം*
*കുളിരുള്ള കാറ്റിനും ചന്തം*
*പാടത്തിനും ചന്തം തോടിന്നും  ചന്തം*
*ഓടിനടക്കുന്ന നമുക്കും ചന്തം.....*

*-എം.ബി.നന്ദകൃഷ്ണൻ*

# മിനുക്കം



ഞാനതിനേ പ്പുളക്കെയെടുത്തൊരു
കാലിക്കുപ്പിയിലിട്ടു രഹസ്യമായ്
ശ്വസം മുട്ടാതിരിക്കുവാൻ മൂടിയിൽ
ദ്വാരമിട്ടു കറുത്ത കോമ്പസ്സിനാൽ
കുപ്പിക്കുള്ളിൽ കുടുങ്ങിയപ്പോളവൻ
കൂട്ടിലിട്ടമെരുകിനെപ്പോലെയായ്
എൻറ മോഹമറിഞ്ഞതു മാതിരി
മിന്നിമിന്നിത്തിളങ്ങീ തുരുതുരെ
വിട്ടരിക്കുകായില്ല ഞാൻ-നാളെയെൻ
കൂട്ടരെക്കൊണ്ടു കാട്ടി ഞെട്ടിക്കണം.

-വിഷ്ണുപ്രിയ

# രേണുക




രേണുകേ നീ രാഗ രേണു കിനാവിന്റെ നീല കടമ്പിൻ പരാഗ രേണു.
പിരിയുംബൊഴേതോ നനഞ്ഞ കൊമ്പിൽ നിന്നു
നില തെറ്റി വീണ രണ്ടിലകൾ നമ്മൾ.
രേണുകേ നാം രണ്ടു മേഘശകലങ്ങളായ്
അകലേക്ക് മറയുന്ന ക്ഷണഭംഗികൾ.
മഴവില്ലു താഴെ വീണുടയുന്ന മാനത്ത്-
വിരഹമേഘ ശ്യാമ ഘനഭംഗികൾ.
പിരിയുന്നു രേണുകേ നാം രണ്ടു പുഴകളായ്-
ഒഴുകിയകലുന്നു നാം പ്രേമശ്യൂന്യം.
ജല മുറഞ്ഞൊരു ദീര്ഘശില പോലെ നീ-
വറ്റി വറുതിയായ് ജീര്ണമായ് മൃതമായി ഞാൻ.
ഓർമ്മിക്കുവാൻ ഞാൻ നിനക്കെന്തു നല്കണം-
ഓർമ്മിക്കണം എന്ന വാക്കു മാത്രം.
എന്നെങ്കിലും വീണ്ടും എവിടെ വെച്ചെങ്കിലും-

കണ്ടുമുട്ടാമെന്ന വാക്കു മാത്രം.
നാളെ പ്രതീക്ഷതൻ കുങ്കുമ പൂവായി-
നാം കടം കൊള്ളുന്നതിത്ര മാത്രം.
രേണുകേ നാം രണ്ടു നിഴലുകൾക്ക്-
ഇരുളിൽ നാം രൂപങ്ങളില്ലാ കിനാവുകൾ-
പകലിന്റെ നിറമാണ് നമ്മളിൽ നിനവും നിരാശയും.
കണ്ടുമുട്ടുന്നു നാം വീണ്ടുമീ സന്ധ്യയിൽ-
വർണ്ണങ്ങൾ വറ്റുന്ന കണ്ണുമായി.
നിറയുന്നു നീ എന്നില് നിന്റെ കണ്മുനകളില്
നിറയുന്ന കണ്ണുനീര് തുള്ളിപോലെ.

-ഗൗരിശങ്കർ ആർ. ചന്ദ്രൻ

# ഓർമയിലേക്കൊരു സഹപാഠി




എൻ മനസിൻ താളുകളിൽ
പതിഞ്ഞൊരു നിൻവന്ദാനം
എൻ മനസ്സിൽ ആലേഖനം
ചെയ്തൊരു നിൻ നാമം

ദു;ഖമാമ്മ കടലിൽ തസ്നീടുമ്പോൾ
സ്വന്തമായി നീ അരികെവരും
പിഴകൾ താൻ പാതയിൽ വിനീടാതെ
താങ്ങായി കൂടെ വരുന്ന
തെറ്റുകളാൽ കരം നിറച്ചിടുമ്പോൾ
നന്മയായി അനിൽ വരുന്ന
ദുഃഖമ്മം തീക്കനൽ ഉള്ളിലൊതുക്കി
മദസ്മിതം പൂണ്ടവൾ നിന്നും ചാരെ
സന്തോഷത്തിലെൻ കൂടവൾ
ദുഃഖത്തിലെൻ കൂടവൾ
എന്നുമെൻ തുണയായി തിരുമവൾ

-ജസീന.എം.എസ്സ്

# ദുരവസ്ഥ




എത്ര പെരുമാക്കൾ- ശങ്കരരാചാര്യന്മാ-
രെത്രയോ തുഞ്ചന്മാർ കുഞ്ചന്മാരും

ക്രൂരയാം ജാതിയാൽ നൂനമലസിപ്പോയ്
കേരളമാതാവേ,നിൻവയറ്റിൽ.

തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും
വാച്ചിടും കല്ലുകൾ ഭാരതാംബേ,

താണു കിടക്കുന്നു  നിൻ കുക്ഷിയിൽ ചാണ
കാണാതെയാറേഴു കോടിയിന്നും.

എന്തിനും കേഴുന്നു ദീനയോ നീ ദേവി,
എന്തു ഖേദിപ്പാൻ ദരിദ്രയോ നീ?


ഹന്തയിജ്ജാതിയെ ഹോമിച്ചൊഴിച്ചാൽ നിൻ
ചിന്തിതം സാധിച്ചു രത്നഗർഭേ.

തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ

കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ-
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ!

-സച്ചു സന്തോഷ്

# സംഖ്യകളുടെ തമ്പുരാൻ



നൂറിലേറെ വർഷം മുമ്പാണ്. സ്ഥലം തമിഴ്നാട്ടിലെ കുംഭകോണത്തെ ഒരു പ്രൈമറി സ്കൂളിലെ കണക്ക്ക്ലാസ്. കുട്ടികളോടായി അധ്യാപകന്റെ ചോദ്യം: ""10 മാമ്പഴം 10 പേർക്ക് തുല്യമായി വീതിച്ചാൽ ഒരാൾക്ക് ഒരു മാമ്പഴം കിട്ടും. ഇതിൽ നിന്ന് ഏതൊരു സംഖ്യയെയും അതേ സംഖ്യകൊണ്ട് ഹരിച്ചാൽ ഉത്തരം ഒന്ന് എന്ന് കിട്ടുന്നു." ""സാർ എങ്കിൽ പൂജ്യത്തെ പൂജ്യം കൊണ്ട് ഹരിച്ചാലോ?" ക്ലാസിലെ പിൻബെഞ്ചിൽനിന്നായിരുന്നു അപ്രതീക്ഷിതമായ ഈ ചോദ്യം. ചോദ്യംകേട്ട് ഏവരും അമ്പരന്നു. അധ്യാപകന് ഉത്തരം മുട്ടി. ഗണിത ശാസ്ത്രത്തിന് ഭാരതം നൽകിയ എക്കാലത്തെയും അതുല്യപ്രതിഭ ശ്രീനിവാസ രാമാനുജനായിരുന്നു ഈ ചോദ്യം ഉന്നയിച്ചത്. രാമാനുജന്റെ ചോദ്യത്തിന് ഇനിയും ഗണിതലോകം ശരിയായ ഉത്തരം കണ്ടെത്തിയിട്ടില്ല. പൂജ്യം കൊണ്ടുള്ള ഹരണം നിർവചിച്ചിട്ടില്ലെന്ന് സാരം.

കേവലം 33 വർഷത്തെ ജീവിതത്തിനിടയിൽ ഗണിതശാസ്ത്രലോകത്ത്

തന്റേതായ സ്ഥാനമുറപ്പിച്ച മഹാപ്രതിഭയാണ് ശ്രീനിവാസ രാമാനുജൻ. ഡിസംബർ 22 ന് രാമാനുജൻ ജനിച്ചിട്ട് 127 വർഷം പൂർത്തിയാവുന്നു. 1887 ഡിസംബർ 22 ന് തമിഴ്നാട്ടിലെ കുംഭകോണത്തിനടുത്ത ഈറോഡ് എന്ന സ്ഥലത്താണ് ജനം. അച്ഛൻ ശ്രീനിവാസ അയ്യങ്കാർ. അമ്മ കോമളാമ്മാൾ. യാഥാസ്ഥിതിക ബ്രാഹ്മണ കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. മാതാപിതാക്കൾ ദരിദ്രരായിരുന്നു. ചെറുപ്പത്തിലേ ഗണിതശാസ്ത്ര തൽപരനായ രാമാനുജൻ ഏതു സംഖ്യയുടെയും വർഗമൂലം എളുപ്പത്തിൽ കണ്ടെത്തി. മുതിർന്ന ക്ലാസുകളിലെ കുട്ടികൾക്കുപോലും അദ്ദേഹം കണക്ക് പറഞ്ഞുകൊടുത്തു.പത്താം ക്ലാസിൽ പഠിക്കുമ്പോൾ ജോർജ്ജ് സ്റ്റോബ്രിഡ്ജ് കാറിന്റെ "ശുദ്ധഗണിത സംഗ്രഹം' വായിക്കാനിടയായി. ഈ പുസ്തകം നൽകിയ ആവേശമാണ് കണക്കിന്റെ കാണാക്കയങ്ങളിലേക്ക് രാമാനുജനെ നയിച്ചത്.

1903 ൽ മെട്രിക്കുലേഷൻ പാസ്സായി. നാട്ടിലുള്ള കോളേജിൽ അദ്ദേഹം എഫ്എക്ക് ചേർന്നു. ഗണിതമൊഴികെ മറ്റൊന്നിലും ശ്രദ്ധിക്കാത്തതിനാൽ പരീക്ഷയിൽ തോറ്റു. മൂന്ന് മണിക്കൂർ നേരത്തെ കണക്ക് പരീക്ഷ അരമണിക്കൂർ കൊണ്ട് എഴുതിത്തീർത്തെങ്കിലും മറ്റു വിഷയങ്ങളിൽ ഉത്തരമെഴുതാൻ പ്രയാസപ്പെട്ടു. ഇതോടെ ഉപരിപഠനവും അവസാനിച്ചു. എന്നാൽ ഗണിത പഠനം കൈവിട്ടില്ല. ഗണിത പുസ്തകങ്ങൾ തേടിപ്പിടിച്ച് വായിക്കുകയും തന്റേതായ അഭിപ്രായങ്ങളും നിഗമനങ്ങളും എഴുതുകയും ചെയ്തു. വിവിധ ഗണിതശാസ്ത്ര ശാഖകളിൽ പുത്തൻ കണ്ടെത്തൽ നടത്തി.

**ജോലി തേടി.....**

ഗണിതശാസ്ത്രത്തോടുള്ള അടങ്ങാത്ത പ്രേമംമൂലം കുടുംബത്തിന്റെ കഷ്ടപ്പാടുകളൊന്നും ശ്രീനിവാസ രാമാനുജനെ അലട്ടിയില്ല. ഇത് മാതാപിതാക്കളെ വിഷമിപ്പിച്ചു. മകന് ഉത്തരവാദിത്വബോധം ഉണ്ടാക്കാൻ വിവാഹം കഴിപ്പിച്ചു. 1909 ജൂലൈ 14 നായിരുന്നു ജാനകിയെ രാമാനുജൻ വിവാഹം ചെയ്തത്. കുടുംബഭാരം വർദ്ധിച്ചപ്പോൾ ജോലി തേടി പലയിടത്തും അലഞ്ഞു. എവിടെ പോകുമ്പോഴും ഗണിതസംബന്ധിയായ തന്റെ വിശകലനം അടങ്ങുന്ന നോട്ട് ബുക്ക് അദ്ദേഹം കൂടെ കരുതും.ഇന്ത്യൻ മാത്തമാറ്റിക്കൽ സൊസൈറ്റി സ്ഥാപകനായിരുന്ന രാമസ്വാമി അയ്യങ്കാർ ഒരിക്കൽ ഇത് കാണാനിടയായി. അദ്ദേഹത്തിന്റെ ശുപാർശയിൽ ഒരു ചെറിയ ജോലി ലഭിച്ചു. ശമ്പളം തുച്ഛമായതിനാൽ അത് തുടരാനായില്ല. തുടർന്ന് മദ്രാസ് അക്കൗണ്ട്സ് ജനറൽ ഓഫീസ്, മദ്രാസ് പോർട്ട് ട്രസ്റ്റ് എന്നിവിടങ്ങളിൽ ജോലി

ചെയ്യു. ഇക്കാലത്തെല്ലാം തന്റെ ഗണിതശാസ്ത്ര പ്രേമം ഒഴിവാക്കിയില്ല. ഗണിതത്തിലുള്ള രാമാനുജന്റെ മികവ് മനസ്സിലാക്കിയ പലരും ഗണിതശാസ്ത്ര ഗവേഷണത്തിന് സർവകലശാലയിൽ ചേരാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. അടിസ്ഥാന യോഗ്യതയില്ലാത്തത് അതിന് തടസ്സമായി.

**ഗവേഷണരംഗത്തേക്ക്**

രാമാനുജനിലെ പ്രതിഭയെ തിരിച്ചറിഞ്ഞ അന്നത്തെ മദ്രാസ് പോർട്ട് ട്രസ്റ്റ് ചെയർമാൻ സർ ഫ്രാൻസിസ് സ്പ്രിങ്, ഇന്ത്യൻ കാലാവസ്ഥ വകുപ്പ് മേധാവി ഡോ. ഗിൽബർട്ട് വാക്കർ എന്നിവരുടെ സഹായത്താൽ അദ്ദേഹത്തിന് മദ്രാസ് സർവകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയാവാൻ അവസരം ലഭിച്ചു.

**ലണ്ടനിൽ**

രാമാനുജന്റെ ഗണിതപാണ്ഡിത്യം ഏവരെയും അത്ഭുതപ്പെടുത്തി. ഇന്ത്യൻ മാത്തമാറ്റിക്കൽ സൊസൈറ്റിയുടെ ജേർണലിൽ രാമാനുജൻ പ്രസിദ്ധപ്പെടുത്തിയ "ബെർണൗലി സംഖ്യകളുടെ ചില പ്രത്യേകതകൾ' എന്ന ലേഖനം കാണാനിടയായ കേംബ്രിഡ്ജ് സർവകലാശാല പ്രൊഫസർ ജി എച്ച് ഹാർഡിയുടെ നിരന്തര പ്രോത്സാഹനത്തിന്റെയും സമ്മർദ്ദത്തിന്റെയും ഫലമായി രാമാനുജൻ 1914 ൽ ലണ്ടനിലെത്തി. കേംബ്രിഡ്ജ് സർവകശാല അദ്ദേഹത്തിന് ബാച്ചിലർ ഓഫ് സയൻസ് ബൈ റിസർച്ച് നൽകി ആദരിച്ചു. ബ്രിട്ടനിലെ റോയൽ സൊസൈറ്റി, ട്രിനിറ്റി കോളേജ് എന്നിവിടങ്ങളിൽ ഫെല്ലോ ആയി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു.ഇംഗ്ലണ്ടിൽ വച്ച് അദ്ദേഹത്തിന് ക്ഷയം പിടിപെട്ടു. ഗവേഷണം നിർത്തി ഇന്ത്യയിലേക്ക് മടങ്ങി. 1920 ഏപ്രിൽ 26 നാണ് ആ മഹാപ്രതിഭയുടെ അന്ത്യം.രാമാനുജന്റെ ഗവേഷണ പ്രവർത്തനങ്ങളെയും പ്രബന്ധങ്ങളെയും അവലംബിച്ച് നിരവധി ശാസ്ത്രകാരന്മാർ പഠനം നടത്തിയിട്ടുണ്ട്. രാമാനുജന്റെ 3254 ഗണിതശാസ്ത്രക്കുറിപ്പുകൾ വികസിപ്പിച്ച് ബ്രൂസ് സി ബെർട്ട് 1985 നും 1997 നുമിടയിലായി 12 വാല്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1993 മുതൽ ചെന്നൈയിലെ റോയപുരത്ത് രാമാനുജൻ മ്യൂസിയം പ്രവർത്തിക്കുന്നു.

-വിശാൽ വി. നായർ

# കുട്ടിയും തള്ളയും

കുമാരനാശാൻ




പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,

പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം;

വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ

ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി

മെല്ലെന്നു തെക്കുന്നു വീശുന്നു വായു;

ഉല്ലാസമീ നീണ്ട കൂകൂരവത്താ-

ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി

ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ

പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കെ-

ന്തോണം വെളുക്കുന്നുഷസ്സോയിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-

പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം

കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്ന വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ,-
യന്തിക്കു പൂങ്കാവിലാളേറെയായി;
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ—വന്നു വസന്തം!

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ
ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

ചിന്തിച്ചിളങ്കാറ്റുതൻ നിസ്വനത്താ-
ലെന്തോന്നുരയ്ക്കുന്നു നീ?—ഞാനറിഞ്ഞു,
"എന്താതനാം ദേവനോതുന്നതേ ഞാ-
നെന്താകിലും ചെയ്യു"വെന്നല്ലയല്ലീ?

–ആകർശ് ബി. കുറുപ്പ്

# സഫലമീ യാത്ര...




ആർദ്രമീ ധനുമാസരാവിലൊന്നില്
ആതിരവരും പോകു മല്ലേ സഖീ
ഞാനീ ജനലഴിപിടിച്ചൊട്ടു നില്ക്കട്ടെ
നീയെ ന്നണിയത്തുതന്നെ നില്ലൂക്കു
ഇപ്പഴങ്കൂടൊരു ചുമയ്ക്കടിയിടറിവീഴാം.

വ്രണിതമാം കണ്ഠത്തിലിന്നു നോവിത്തിരിക്കുറവുണ്ട്
വളരെനാൾക്കൂടി നേരിയ നിലാവിന്റെ പിന്നിലെ
യനന്തതയിലലിയുമിരുള് നീലിമയിൽ
എന്നോ പഴകിയൊരോർമ്മകൾ മാതിരി
നിന്നുവിറയ്ക്കുമീയേകാന്ത താരകളെ
ഞാനൊന്നു കാണട്ടെ നീ തൊട്ടു നില്ക്കൂ.
ആതിരവരുന്നേരമൊരുമിച്ചുകൈകൾക്കോർ
ത്തെതിരേല്ക്കണം നമുക്കിക്കുറി വരുംകൊല്ലമാരെന്നു മെന്തെന്നുമാർക്കറിയാം

എന്തു നിൻ മിഴിയിണ തുളുമ്പിയെന്നോ സഖീ

ചന്തം നിറയ്ക്കുകീ ശിഷ്ടദിനങ്ങളിൽ
മിഴിനീർച്ചവർപ്പുപെടാതീ മധുപാത്രമടിയോളം മോന്തുക
നേർത്ത നിലാവിന്റെയടിയിൽ തെളിയുമിരുൾ നോക്കു
കിരുളിന്റെയറകളിലെയോർമ്മകളെടക്കുക

ഇവിടെയെന്തോർമ്മകളെന്നോ
നെറുകയിലിരുട്ടേന്തിപ്പാറാവു നില്ക്കുമീ
തെരുവുവിളക്കുകൾക്കപ്പുറം
ബധിരമാം ബോധത്തിനപ്പുറം
ഓർമ്മകളൊന്നുമില്ലെന്നോ ഒന്നുമില്ലെന്നോ!!!

പലനിറം കാച്ചിയവളകളണിഞ്ഞുമഴിച്ചും
പലമുഖംകൊണ്ടു നാം തമ്മിലെതിരേറ്റും
നൊന്തും പരസ്പരം നോവിച്ചും മൂപതി
റ്റാണ്ടുകൾ നീണ്ടൊരീയറിയാത്തവഴികളിൽ
എത്ര കൊഴുത്ത ചവർപ്പു കുടിച്ചുവറ്റിച്ചു നാം
ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ
ഓർമ്മകളുണ്ടായിരിക്കണം ഒക്കെയും
വഴിയോരക്കാഴ്ച്ചകളായ് പിറകിലേയ്ക്കോടി മറഞ്ഞിരിക്കാം
പാതിയിലേറെക്കടന്നുവല്ലോ വഴി.

ഏതോ പുഴയുടെ കളകളത്തിൽ
ഏതോ മലമുടിപ്പോക്കുവെയിലിൽ
ഏതോ നിശീഥത്തിൻ തേക്കുപാട്ടിൽ
ഏതോ വിജനമാം വഴിവക്കിൽ നിഴലുകൾ
നീങ്ങുമൊരു താന്തമാ മന്തിയിൽ
പടവുകളായ് കിഴക്കേറിയുയര്ന്നുപോയ്
കടുനീല വിണ്ണിലലിഞ്ഞുപോം മലകളിൽ
പുളയും കുരുത്തോല തെളിയുന്ന പന്തങ്ങൾ
വിളയുന്ന മേളങ്ങളുറയുന്ന രാവുകളിൽ
ഏങ്ങാനൊരൂഞ്ഞാൽ പാട്ടുയരുന്നുവോ സഖി
എങ്ങാനൊരൂഞ്ഞാൽ പാട്ടുയരുന്നുവോ
ഒന്നുമില്ലെന്നോ... ഒന്നുമില്ലെന്നോ...

ഓർമ്മകൾ തിളങ്ങാതെ മധുരങ്ങൾ പാടാതെ
ആതിരകളിളകാതെയറിയാതെ
ആർദ്രയാമാർദ്ര വരുമെന്നോ സഖീ
ആർദ്രയാമാർദ്ര വരുമെന്നോ സഖീ...

ഏതാണ്ടൊരോർമ്മ വരുന്നുവോ
ഓർത്താലുമോർക്കാതിരുന്നാലും ആതിര
യെത്തും കടന്നുപോമീവഴി
നാമീ ജനലിലൂടെതിരേല്ക്കു
മിപ്പഴയൊരോർമ്മകളൊഴിഞ്ഞ താലം
തളർന്നോട്ടു വിറയാർന്ന കൈകളിലേന്തി
അതിലൊറ്റ മിഴിനീർ പതിക്കാതെ മനമിടറാതെ
കാലമിനിയുമുരുളും വിഷുവരും
വർഷം വരും തിരുവോണംവരും
പിന്നെയോരോതളിരിനും പൂവരും കായ് വരും
അപ്പോളാരെന്നുമെന്തെന്നുമാർക്കറിയാം
നമുക്കിപ്പൊഴീയാർദ്രയെ ശാന്തരായ്
സൌമ്യരായെതിരേല്ക്കാം
വരിക സഖീ യരികത്തു ചേർന്നുനില്ക്കൂ
പഴയൊരു മന്ത്രം സ്മരിക്കാം
അന്യോന്യമൂന്നുവടികളായ് നില്ക്കാം
ഹാ! സഫലമീ... യാത്ര
ഹാ! സഫലമീ... യാത്ര

-വിഷ്ണു സി.എസ്

# സംഖ്യകളുടെ ചരിത്രം



"സംഖ്യാദൈവങ്ങളെ ഞങ്ങളെ അനുഗ്രഹിക്കേണമേ. മനുഷ്യരെയും ദേവന്മാരെയും നിങ്ങളാണ് സൃഷ്ടിക്കുന്നത്, ആദ്യന്ത്യം ഇല്ലാത്ത ഈ സൃഷ്ടി പ്രവാഹത്തി ആധാരവും അന്തഃസത്തയും നിങ്ങളാണെന്ന് എന്ന് ഞങ്ങൾക്കറിയാം."

സംഖ്യദൈവങ്ങളും നിങ്ങൾ അത്ഭുതപ്പെട്ടും ഉണ്ടാകും മനുഷ്യൻ ആരാധിക്കുന്ന മുപ്പത്തിമുക്കോടി ദൈവങ്ങളെ പറ്റി നിങ്ങൾ കേട്ടിരിക്കും വായു, അഗ്നി, ദേവൻമാർ, ദേവിമാർ തുടങ്ങിയ എത്രയോ ആരാധനാമൂർത്തികളെ പറ്റി നിങ്ങൾക്കറിയാം. പക്ഷേ

സംഖ്യ ദൈവങ്ങളെ പറ്റി നിങ്ങൾ കേട്ടിട്ടുണ്ടോ? പൗരാണികർക്ക് സംഖ്യകളും ആരാധനാപാത്രമായിരുന്ന സംഖ്യകളെ അവർ ദൈവങ്ങളായി ആരാധിച്ചിരുന്നു.
പൈതഗോറസ് എന്ന പ്രസിദ്ധ ഗണിത ശാസ്ത്രജ്ഞനെ പറ്റി നിങ്ങൾ ഏവരും കേട്ടിരിക്കും. സംഖ്യകളെ വളരെയധികം സ്നേഹിച്ചിരുന്ന ആരാധിച്ചിരുന്ന ഒരു പണ്ഡിതനായിരുന്നു പൈതഗോറസ്. അദ്ദേഹം ഒരു മതം സ്ഥാപിച്ചിരിന്നു. ആ മതത്തിന്റെ വേദവും വേദാന്തവും ഗണിതശാസ്ത്രം ആയിരുന്നു. സംഖ്യകൾ ആയിരുന്ന ദൈവങ്ങൾ ആ ദൈവങ്ങളോട് അദ്ദേഹത്തിൻറെ അനുയായികളുടെ പ്രാർത്ഥനയാണ് മുകളിൽ കൊടുത്തത്.
പൈതഗോറസിന്റെ അനുയായികൾ സ്ഥാപിച്ച പൈതഗോറിയൻ സഹോദരസംഘം കെട്ടുറപ്പുള്ള ഒരു രഹസ്യ സംഘടനയായിരുന്നു. ഈ സംഘത്തിന് പുരോഹിതന്മാരും ദേവാലയങ്ങളും ഉണ്ടായിരുന്നു. ബലി വേദികൾ ഉണ്ടായിരുന്നു. ഒന്നു മുതൽ ഒൻപത് വരെയുള്ള അക്കങ്ങൾ ആയിരുന്ന ബലിവേദിയിൽ അങ്കനം ചെയ്യപ്പെട്ടിരുന്നത്. അവർ കർശനമായ അച്ചടക്കം പാലിച്ചിരുന്നു. അവരുടെ അറിവുകൾ പരമരഹസ്യമായി സൂക്ഷിക്കണമെന്ന് നിർബന്ധമായിരുന്നു. അച്ചടക്കം പാലിക്കാത്തവരെ ക്രൂരമായി ശിക്ഷിച്ചിരുന്നു.
ഒരിക്കൽ ഹിപ്പായുസ് എന്ന ഒരു സംഘാംഗം സംഖ്യകളുടെ തന്റെ അറിവിനെ പറ്റി സംഘം അല്ലാത്തവരോട് സംസാരിച്ചു. അച്ചടക്കം ലംഘിച്ച് മഹാപാപിക്ക് എന്തു ശിക്ഷ നൽകണമെന്ന് പുരോഹിതന്മാർ പ്രാർത്ഥിച്ചു. ഉപവാസം തന്നെ വേണ്ടിവന്നു. ഒടുവിൽ കുറ്റവാളിയെ വധിക്കണമെന്ന് മുഖ്യ പുരോഹിതന് അരുളപ്പാടുണ്ടയി.
അവൾ ഹിപ്പായുസിനെയും കൂട്ടി ഒരു വിനോദയാത്രയ്ക്ക് ഇറങ്ങി. ആ സിയാട്ടിക് കടലിൽ തോണിയിൽ സഞ്ചരിക്കവേ, ഹിപ്പായുസിന്റെ തോണി നടുക്കടലിൽ താണുപോയി.അങ്ങനെ ഹിപ്പായുസ് വധിക്കപ്പെടുകയും കൂട്ടുകാർ സുരക്ഷിതരായി തിരിച്ചെത്തുകയും ചെയ്തു. അവർ തങ്ങൾക്കു മുന്നിൽ നിന്ന് ഇപ്രകാരം പ്രാർത്ഥിച്ചു:
"ഹിപ്പയുസ് ഞങ്ങളുടെ സുഹൃത്തായിരുന്ന പക്ഷേ അവൻ ഹീനമായ പാപം ചെയ്തു. സംഖ്യാദൈവങ്ങളെ ഞങ്ങളെ അനുഗ്രഹിക്കേണമേ, നിങ്ങൾക്കുവേണ്ടി ഇതിലധികവും ഞങ്ങൾ ചെയ്യും"
സംഖ്യകളെ പൗരാണികർ എങ്ങനെ ആരാധിച്ചിരുന്നു എന്ന് ഈ പ്രാർത്ഥനകളിൽ നിന്ന് നമുക്കു മനസ്സിലാക്കാം. സംഖ്യ കളോടുള്ള നേരിയ അവഹേളനത്തെ പോലും അവർ എത്ര കാര്യമായി കൈകാര്യം ചെയ്തിരുന്ന എന്നത് സംഖ്യകളോട് അവർക്കുള്ള ഭക്തിയുടെ അഗാധതയെ സൂചിപ്പിക്കുന്നു.
പൈതഗോറസിന്റെ അനുയായികൾ മാത്രമല്ല ചൈനക്കാരും അക്കങ്ങൾക്ക് ദൈവികമായ ശക്തി കൽപ്പിച്ചിരുന്നു എന്നതിന് തെളിവുകൾ ലഭിച്ചിട്ടുണ്ട്.
ഇക്കാലത്തും ചില സംഖ്യകൾക്ക് ഭാഗ്യവും നിർഭാഗ്യവും കൽപ്പിക്കുന്നവരുണ്ട്. അഞ്ച്, ഏഴ്, എന്നീ സംഖ്യകൾ ഭാഗ്യ നമ്പറുകൾ ആയി ചിലർ കണക്കാക്കാറുണ്ട്. ഏഴ് എന്ന

സംഖ്യ ഒരു ഭാഗ്യസംഖ്യ ആയിട്ടാണ് പൗരാണികർ കരുതിയിരുന്നത് എന്നതിന് ധാരാളം തെളിവുകളുണ്ട. 'Craetions of the World' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "7 എന്ന സംഖ്യക്ക് വലിയ വിശുദ്ധിയുണ്ട്. എല്ലാ സംഖ്യകൾക്കും ഉപരിയായി അതിന് സർവാൽകൃഷ്ടമായ ഒരു സ്ഥാനമുണ്ട്." പലരും 13 എന്ന സംഖ്യയെ നിർഭാഗ്യ സംഖ്യയായ ആണ് പരിഗണിക്കുന്നത്. ശാസ്ത്രീയ അടിസ്ഥാനമൊന്നുമില്ല എങ്കിലും പലരും 13 മനപ്പൂർവ്വം ഒഴിവാക്കുന്നത് കണ്ടിട്ടുണ്ട്.
ശുഭ സന്ദർഭങ്ങളിൽ സൗഭാഗ്യത്തിന്റെയും അശുഭസന്ദർഭങ്ങളിൽ നിർഭാഗ്യത്തിന്റെയും സൂചന നൽകുന്ന സംഖ്യയാണ് മൂന്ന് എന്ന് പൗരാണികർ വിശ്വസിച്ചിരുന്നു. ക്രിസ്തു കുരിശിൽ തൂങ്ങി കിടന്നു മൂന്നു മണിക്കൂറും ശവക്കല്ലറയിൽ കിടന്നത് മൂന്ന് ദിവസവും ആയിരുന്നുവത്രേ. ഈ ചരിത്ര വസ്തുതകൾ മൂന്നിന്റെ പ്രാധാന്യം വർധിക്കാൻ ഇടയാക്കി. പുരാതനകാലത്ത് ഒറ്റസംഖ്യകൾ പുരുഷ സംഖ്യകളായും ഇരട്ട സംഖ്യകൾ സ്ത്രീ സംഖ്യകളായും പരിഗണിച്ചിരുന്നു.
സംഖ്യകൾ ഉപയോഗിച്ച് ഭാഗ്യ പ്രവചനം നടത്തുന്ന രീതി വികസിച്ച് ന്യൂമറോളജി എന്ന ശാഖ തന്നെ ഇന്ന് പ്രചാരത്തിലുണ്ട്.

<u>അക്ഷയ് കൃഷ്ണ</u>

# മരിക്കേണ്ടതെന്തിന്



സന്ധ്യാ സമയം അയാൾ കിഴക്കോട്ട് നോക്കിനിൽക്കെ അയാൾ തന്റെ കാലനെ-മരണത്തെ നേരിൽകണ്ടു. തന്റെ നിഴൽ തന്നെ ഈയിടെയായി വേട്ടയാടുന്നത് പോലെ അയാൾക്ക് തോന്നിയിരുന്നു. അയാൾക്ക് അയാളുടെ മനസ്സിനെ തന്നെ പേടിയായിരുന്നു.

അതുകൊണ്ടു തന്നെ ചെയ്യുന്ന ഒരുകാര്യത്തിലും ഒരു പൂർണ്ണത ഉണ്ടായിരുന്നില്ല. എല്ലാവരുടേയും കുറ്റപ്പെടലുകൾക്കിടയിൽ അയാൾ എപ്പഴോ ഒറ്റപ്പെട്ടുപോയിരുന്നു.അയാൾ തന്റെ ജീവിതം മൂല്യശൂന്യമാണ് എന്ന് തെറ്റിധരിച്ചിരുന്നു.

തത്ത്വങ്ങൾ ചിന്തിക്കുമായിരുന്നെങ്കിലും തത്ത്വചിന്തകൻ എന്ന പേര് അയാൾക്ക് ലഭിച്ചിരുന്നില്ല. വിവിധ കലകൾ അറിയാമായിരുന്നുവെങ്കിലും അയാൾ കലാകാരനായിരുന്നില്ല. സാഹിത്യത്തിൽ താത്പര്യമുണ്ടായിരുന്നിട്ടും ആരും അയാളേ സാഹിത്യകാരനെന്നോ നിരൂപകനെന്നോ വിളിച്ചിരുന്നില്ല.

'എന്താണ് മരണം?'അയാൾ തന്നോട് തന്നെ ചോദിച്ചു. ഒരു മനുഷ്യന് ലോകത്തോടുള്ള കടമകളെല്ലാം ചെയ്തതിനുള്ള പ്രതിഫലമാണ് 'മരണം'. സ്നേഹം പങ്കിടാനോ ഒരാളുടെ സ്നേഹം നുകരുവാനോ ആരും ഇല്ലാതാകുമ്പോൾ ഒരു നിസ്സഹായനായ മനുഷ്യന് തോന്നുന്ന ജീവിത ഉപായമാണ് 'മരണം'. തന്റെ ജീവിതത്തിൽ ഇത് രണ്ടും അർത്ഥവക്തായി കഴിഞ്ഞിരിക്കുന്നു. അതിനാൽ തന്റെ വിധിയും അതു തന്നെയാണ് എന്ന് അയാൾ വിശ്വസിച്ചു.

നിമിത്തങ്ങളിൽ വിശ്വാസമുണ്ടായിരുന്ന അയാൾ മരണത്തിന്റെ നിമിത്തങ്ങൾ വരാൻ വിതുമ്പൽ കൊണ്ടു താൻ മരിക്കേണ്ടതെങ്ങനെ എന്ന് ചിന്തിച്ചുകൊണ്ടിരുന്നു.മരണം ആരുടെ രൂപത്തിലാണ് തന്റെ മുമ്പിൽ വന്നെത്തുക എന്ന് അയാൾ ആലോചിച്ചു.അദ്ധ്യാപകനായിരുന്ന അയാൾ എന്തിനെ കുറിച്ചെങ്കിൽ വിശദീകരിക്കുമ്പോൾ അയാളുടെ നാക്ക് മരണം എന്ന വാക്കുമായി ഇടക്കിടെ ഉടക്കിയിരുന്നു.

അയാളെ കുറ്റപ്പെടുത്തിയിട്ട് കാര്യം ഇല്ല.ഭൂമിയിൽ ജനിച്ചത് തന്നെ അനാഥനായി.ബോർഡിംഗ് സ്കൂളിൽ ആർക്കുവേണ്ടി എന്നില്ലാത്ത അധ്വാനം 'അനാഥൻ'എന്ന പേരിൽ സുഹൃതരഹിതനായി.അങ്ങനെയുള്ള അയാൾ ആർക്കുവേണ്ടി !ആർക്കുവേണ്ടി...

അയാൾ മരിക്കാൻ തന്നെ തീരുമാനിച്ചു.മരണത്തിന് മുമ്പ് അയാൾ ആരോടെന്നില്ലാതെ പറഞ്ഞു. ഞാൻ മരിക്കുന്നതുകൊണ്ട് ഈ സമൂഹത്തിനോ എന്നെ സംരക്ഷിക്കുന്നവർക്ക് ഒരു നഷ്ടമോ ലാഭമോ ഉണ്ടാകില്ല എന്നു മാത്രമല്ല എന്റെ മാനസ്സികപിരിമുറുക്കം മാനസ്സികസംഘർഷം തന്നെ ഇല്ലാതാകും.

അയാൾ മരണത്തിലേക്ക് തന്റെ ചുവടുകൾ ഓരോന്നായി വെക്കുവാൻ തുടങ്ങി.ഓരോ ചുവടുകളും താൻ ചെയ്തുതീർക്കുന്ന ഓരോ കടമ്പകൾ.സന്തോഷതോടെ മരിക്കാനായിരുന്നു അയാളുടെ തീരുമാനം. അതുകൊണ്ടു തന്നെ ഭൂമിയിൽ അയാൾക്ക് ഇഷ്ട്പ്പെട്ടുസ എല്ലാ വസ്തുക്കളുടെയും സൗന്ദര്യം മനം മറന്നാസ്വദിച്ചതിനു ശേഷം മാത്രമേ താൻ മരിക്കുകയുള്ളു എന്ന് അയാൾ തീരുമാനിച്ചു.

-അഭിലാഷ് സന്തോഷ്

# ജനലഴികളിലൂടെ...



നിശബ്ദ ചുറ്റൂപാടിലിരു നിശബ്ദതയോടെ പഠിക്കുകയായിരുന്നു ഞാൻ. നാലാം ക്ലാസ്സിലും എനിക്ക് കണക്ക്, എടുത്താൻ പൊങ്ങാത്ത ഒരു

വൻമരമായിരുന്നു കണക്ക് പുസതകം തുറക്കുമ്പോഴേ ഉറക്കം വരും. കഴിഞ്ഞ പരിക്ഷക്ക് എനിക്ക് ഒരു മാർക്ക്. ഏന്തൊ അതിനു മുമ്പുള്ള പരിക്ഷക്ക് ടിച്ചർ വളരെ എന്നെ വഴക്കുപറഞ്ഞു. അതിനു ശേഷമാണ് ഉത്തരകടലാസ്
തന്നത്. നോക്കിയിട്ട് എനിക്കൊന്നും മനസിലായില്ല. പക്ഷേ അതൊന്നും അല്ല എന്നേ ആകർഷിച്ചത് പേപ്പറിനു മുകളിലേ ചുവന്ന കോഴിമുട്ട. ഇത് പുറം ലോകം അറിഞ്ഞപ്പോൾ നാട്ടുകാരും വീട്ടുകാരും കളിയാക്കി. എങ്കിലും എന്റെ സംശയം ഇതായിരുന്നു കോഴിമുട്ട ചുവന്ന നിറത്തിലുണ്ടോ?

എന്നും സന്ധ്യക്ക് നാമം ജപ്പിച്ചശേഷം അമ്മ പറയാറുണ്ട്,"മക്കളേ നാണം കെടുതരുത്, പഠിക്കണം. ഇത്തവണയെങ്കിലും........." അതു കേൾക്കുമ്പോൾ ഒന്നും മിണ്ടാതെ പോയിരുന്നു പഠിക്കും.

ഇന്നും പതിവുപോലെ അമ്മയുടെ അദ്ധ്യാപനം കഴിഞ്ഞ് പഠിക്കുകയായിരുന്നു. പെട്ടന്ന് അപ്പുറത്തേ വീട്ടിൽ ഒരു ബൈക്ക് കൊണ്ടു വന്ന് നിർത്തി. ആരോ അകത്തേക്കു പോകുന്നത് കണ്ടു നടവാതിലിൽ എത്തിയപ്പോഴാണ് ആളെ മനസ്സിലായത്. അമ്മാവനാണ് എനിക്ക് അമ്മാവനേ തീരേ ഇഷ്ടമല്ലാ എപ്പോഴും എന്തെങ്കിലും ഒക്കെ പറഞ്ഞ് വഴക്കുണ്ടാക്കും. പിന്നെ അമ്മയൊക്കെ പറയണ കേട്ടിട്ടുണ്ട്അമ്മാവൻ
വെള്ളമടിക്കുമത്രെ ഇന്നും ആടിയുലഞ്ഞാണ് വന്നത്.
അമ്മാവന് രണ്ട് പെൺമക്കളാണുള്ളത്. മൂത്തയാൾ വിദ്യാഭ്യാസം കഴിഞ്ഞ് ജോലി തേടിക്കൊണ്ടിരിക്കുകയാണ്. ഇളയയാൾ മൂന്നിലോ നാലിലോ മറ്റും പഠിക്കുന്നതേയുള്ളു. അമ്മ പറയുന്നത് കേട്ടിട്ടുണ്ട് അമ്മാവനേതോ മുന്തിയ കമ്പനിയിൽ ജോലിയുണ്ടായിരുന്നു. എന്ന് പക്ഷേ അമിതമായ മദ്യപാനം കാരണം അവിടുന്ന് പറഞ്ഞുവിട്ടുത്രേ. കുടുംബത്തിലേക്കുള്ള ഏകവരുമാനം അമ്മായി നോക്കിനടത്തുന്ന കൃഷിയിൽ നിന്നായിരുന്നു. തുച്ഛമായ ആ വരുമാനത്തിൽകഴുകന്റെ കണ്ണുകൾ പണ്ടേ പതിഞ്ഞിരുന്നു.അമ്മാവനെന്നും അതിൽ നിന്ന് കാശെടുത്ത് കൊണ്ടുപോവും. വെള്ളമടിച്ചും ചീട്ടുകളിച്ചും കൂത്താടിയും ആ കാശ്കളയും.

അമ്മാവൻ വന്ന് കയറിയതോടെ വീട്ടിൽ ബഹളം ഉണ്ടായി. അമ്മാവനെന്തൊക്കയോ പറഞ്ഞു. 'വേണ്ട .....വേണ്ട' എന്നമ്മായിയും മക്കളും പറയുന്നത് എന്റെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു.

കുറച്ചു സമയത്തിനകം ആരെയോ വിളിച്ച് വരാൻ

പറഞ്ഞു അമ്മാവൻ. ഞാനിതെല്ലാം ഇരുണ്ട മുറിയിലെ ജനാലയിലൂടെ കണ്ടുകൊണ്ടിരിക്കുകയാ. കുറച്ചു സമയത്തിനകം തന്നെ റോഡുകളിലൂടെ ചീറിപ്പാഞ്ഞു പോകുന്ന ബൈക്കുകളിൽ ഒന്നിൽ ഒരു ചെറുപ്പക്കാരൻ വന്നിറങ്ങി. കാണാൻ നല്ല ഭംഗിയുണ്ടായിരുന്നെങ്കിലും എനിക്ക് കൈ ചുരുട്ടി ഇടിക്കാൻ തോന്നി.

ഘോരദ്വനികളാൽ സ്തമ്പിതമായ ചുറ്റുപാടായിരുന്നു അപ്പോൾ അത്. എനിക്ക് പേടിയായി തുടങ്ങി. അമ്മയോടു പറഞ്ഞപ്പോൾ അമ്മ പറഞ്ഞു എന്നോട് പോയി കിടന്നുറങ്ങാൻ. അമ്മായിയുടെ ഒഴികെ ബാക്കി ആരുടേയും ശബ്ദം അപ്പോൾ കേൾക്കുന്നുണ്ടായിരുന്നില്ല. അമ്മായിയുടെ ശബ്ദത്തിന് ഏറ്റകുറച്ചിലുകൾ വരാൻ തുടങ്ങി ഒടുവിലതും നിന്നു. അന്തരീക്ഷം ശാന്തമായി. ഞാൻ കിടന്ന് ഉറങ്ങി.

രാവിലെ ആരേയും ഞെട്ടിക്കുന്ന ഒരു വണ്ടിയുടെ ശബ്ദവും കേട്ടാണ് ഉണർന്നത് ഞങ്ങളുടെ റോഡ് മോശമായതു കൊണ്ട് വണ്ടികൾ അധികം പോകാറില്ല. ജനലഴിയിലൂടെ നോക്കി രാത്രി വന്ന ബൈക്ക് അവിടില്ല. അമ്മാവനേയും കാണാനില്ല. സമയത്തിന്റെ പരിമിതം കൊണ്ട് ഞാൻ സ്കൂളിൽ പോവാൻ ഒരുങ്ങി.

സമയമടുത്തപ്പോൾ സ്കൂൾ ബസ്സ് വന്നു. ഞാൻ ചാടി അതിൽ കയറുന്നതിനിടെ ഞാൻ ശ്രദ്ധിച്ചു അമ്മായിയുടെ വീട്ടിൽ വലിയ ഒരു ആൾക്കൂട്ടം.....

-ദേവദത്ത് ജി. നായർ

# മരണത്തിനു മുമ്പ് ഒരു നിമിഷം



ക്ഷീണിതനായ അയാൾ നടക്കുകയായിരുന്നു.സാധാരണയായി തോന്നാത്ത ഒരു മുട്ടുവേദന അയാളെ അലട്ടുന്നുണ്ടായിരുന്നു. ബസ്സ് സ്റ്റാന്റ് കാണാമായിരുന്നെങ്കിൽ പോലും അയാൾ ബസ്സ്സ്റ്റാന്റിലേക്ക് ഒരു ഓട്ടോയിൽ പോകാൻ തീരുമാനിച്ചു.ബസ്സ്സ്റ്റാന്റിൽ എത്തിയപ്പോൾ

നടുവിനുവേദനയും തുടങ്ങിയെങ്കിൽ പോലും അത് അയാൾക്ക് അനുഭവപ്പെട്ടില്ല; അയാളുടെ മനസ്സ് വേറെവിടെയോ ആയിരുന്നു.

അയാൾ നേരെ ഒരു ചായ കടയിലേക്ക് കയറി പറഞ്ഞു.

"ഒരു ചായ, കൂടെ..."

അസാധാരണമായി കയറുന്നതു കൊണ്ടും അപരിചിത സ്ഥലമായതുകൊണ്ടും പോകുന്ന വഴി സൂക്ഷിച്ച് പോകണം അല്ലെങ്കിൽ...'എന്ന മകന്റെ ശാസന കൊണ്ടും അയാൾ മറ്റൊന്നും പറഞ്ഞില്ല. അയാൾ വളരെ ശാന്തമായിരുവെന്നെങ്കിലും മനസ്സിൽ പേമാരിയും കൊടുംകാറ്റും ആയിരുന്നു.

ചായക്കു ശേഷം അയാൾ ഒരു ബസ്സിൽ കയറി ചെല്ലേണ്ട സ്ഥലം പറഞ്ഞു. എഴുപത്തിരണ്ട് രൂപയും കണ്ടക്ടർക്ക് നൽകി.ബസ്സിൽ തിരക്കായിരുന്നെങ്കിൽ പോലും അയാൾക്ക് ഒരു ചെറുപ്പക്കാരൻ ഒരിടം നൽകി. സീറ്റിലിരുന്നതിനു ശേഷം തന്റെ പിഞ്ചിയ സഞ്ചിയിൽ നിന്നും ഒരു പുസ്തകം പുറത്തെടുത്തു,ശേഷം വായന ആരംഭിച്ചു.

കണ്ണുകൾ പുസ്തകത്തിലായിരുന്നെങ്കിലും അയാളുടെ മനസ്സ് അവിടെത്തന്നെയായിരുന്നില്ല. ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയാത്തതുമൂലം അയാൾ പുസ്തകം മടക്കി സഞ്ചിയിലാക്കി. അപ്പോഴേക്കും ബസ്സ് നകരത്തോട് വിടപറഞ്ഞിരുന്നു.

അയാൾ പോലും അറിയാതെ അയാളുടെ മനസ്സ് എന്തിനോ വിതുമ്പുന്നുണ്ടായിരുന്നു - ചിന്തകൾ ഉഴലുന്നുണ്ടായിരുന്നു. മനസ്സിന്റെ ഉലാത്തലിൽ അയാൾ മെല്ലെ മയങ്ങി.

നാട്ടിൽ അഞ്ചുസെന്റിലുള്ള ഒരു വീടും രോഗത്താൽ കീഴടക്കിയ ഒരു ഭാര്യയുമാണുള്ളത്. വാർദ്ധക്യം അവരുടെ സിരകളിൽ നിറഞ്ഞുകഴിഞ്ഞിരുന്നു. ഏകവരുമാനം സർക്കാരിൽ നിന്നും ഇരന്നു ലഭിക്കുന്ന പെൻഷൻ തുക മാത്രമാണ്. തേനൂറ്റിയെടുത്ത കരിവണ്ടുകൾ എപ്പോഴും ഉല്ലസിച്ചുനടക്കാറാണുള്ളത്. നഷ്ടമെപ്പോഴും പൂവിനുമാത്രമാണ്.

കുറച്ചുസമയം കഴിഞ്ഞപ്പോൾ ആരോ വിളിച്ചുണർത്തിയപോലെ അയാൾ എഴുന്നേറ്റു. ബസ്സിന്റെ വേഗത കൂടിയിരുന്നു.അതോടൊപ്പം തന്നെ ഹൃദയത്തിന്റെയും. ബസ്സ് ഒരു സ്ഥലത്തു നിർത്തി. ധാരാളം ആളുകളും കടകളും എല്ലാം ഉള്ളതായിരുന്നു. ബസ്സിലുള്ളവരെല്ലാം അവിടെയിറങ്ങി ജോലിക്കാരും ഇറങ്ങി ഒരു ഭക്ഷണശാലയിലേക്ക് കയറി. ആളുകളുടെ ഇരുണ്ട നിഴലുകൾ അവിടെയെങ്ങും ഇല്ലായിരുന്നു. എന്തോ അയാൾക്ക് പുറത്തേക്കിറങ്ങിണമെന്നോ ഒട്ടിയ വയറ് വലുതാക്കണമെന്നോ തോന്നിയില്ല. അയാൾ പുറത്തേക്ക് ചുറ്റും ഒന്നു നോക്കി.ആളനക്കം തീരെയില്ലായിരുന്നു. എങ്കിലും ഒരു കുട്ടി തന്റെ അച്ഛനോട് എന്തിനോവേണ്ടി

ശാഠ്യംപിടിക്കുന്നെന്ന് അയാളുടെ ശ്രദ്ധയിൽപ്പെട്ടു. ഇടറിയ മനസ്സിനെ അയാൾ അതിലേക്ക് കേന്ദ്രീകരിച്ചു.

' അച്ഛാ.എനിക്ക് ഐസ്ക്രീം വേണം'കുട്ടി വാദിച്ചു. വേണ്ട മോനെ!വേണ്ട ഐസ്ക്രീമിന് തണപ്പല്ലേ'അച്ഛൻ നിരസിച്ചു.

അങ്ങനെയുള്ള നീണ്ട വാദതർക്കങ്ങൾക്കൊടുവിൽ കുട്ടിയുടെ മുഖത്ത് പുഞ്ചിരിയും അതോടൊപ്പം വെളുത്തമീശയും വന്നു.

അയാൾ കുറച്ചു വർഷങ്ങൾ പുറകോട്ടു തിരിഞ്ഞു തന്റെ ജീവിതതിലും ഇതേ സന്ദർഭം

പിന്നെ അയാൾ ഒന്നും തന്നെ ചിന്തിച്ചില്ല, ശ്രദ്ധിചില്ല. മനസ്സിലേ വിദുമ്പലിന്റെ അണകെട്ട് തുറന്നു വീണു. കണ്ണുകൾ കലങ്ങി ശരീരമാകെ ഉഷ്ണിച്ചു. അയാൾ മെല്ലെ കണ്ണടച്ചു പുറകോട്ടു ചാഞ്ഞു. ബസ്സ് ചലിച്ചു തുടങ്ങി പതുക്കെ വേഗത കൂടി. ഉപ്പു നീരുകൾ കൊണ്ട് അയാളുടെ മുഖം ആകെ കുതുർന്നു. അയാൾ നിശ്ചലനായി വണ്ടിയുടെ വേഗത ആരും അറിയാതെ കുറഞ്ഞു. അയാളുടെ ഹൃദയവും ഒടുവിൽ അയാൾ ഭൂമിയിലേക്ക് അലിഞ്ഞു ചേർന്നു.

-അഭിനന്ദ് എം.എസ്.

# പത്രാധിപ സമിതി

ചീഫ് എഡിറ്റർ:

**എ.ആർ.അനിൽകുമാർ**

അംഗങ്ങൾ:

**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ**

ഗ്രാഫിക്സ്:

**രാഗി ചന്ദ്രൻ**

**കെ.എം.ജയന്തി**

ക്രമീകരണം:

**അഭിജിത്ത് പി.ബി.**
**വിശാൽ വി. നായർ**
**ഗോപു കൃഷ്ണ .എച്ച്**
**രോഹിത്ത് ആർ. നായർ**
**ഗൗരീശങ്കർ ആർ. ചന്ദ്രൻ**
**അമീന അൻസാരി**

പ്രകാശനം:

# Members of LittleKites



01. DEVADATH G

02. GOWRISHANKAR R CHANDRAN

03. AMEENA ANSARI

04. JISHNU SAJI

05. ASWIN BIJU

06. NANDAKRISHNAN M P

07.YATHUKRISHNAN

08. NANDAKRISHNAN MURALI

09. SANDHYA SANTHOSH

10. SOORAJ P M

11. VISHNU C S

12. ABHINANDH M S

13. ANAMIKA RAJEEV
14. ABHINAYA SABU
15. SIDHARTH BINU
16. SACHU SANTHOSH
17. ABHIJITH P B
18. LAKSHMI KRISHNA
19. ROHITH R NAIR
20. AISHWARYA BINU
21. ASWIN M R
22. VISHNU SANTHOSH
23. ASWATHYMOL M S
24. KRISHNADEV T R
25. KARTHIKEYAN V S
26. ABHILASH SANTHOSH
27. HARIPRIYA K R
28. AISHWARYA SANTHOSH
29. VISHNUPRIYA P NAIR
30. JASEENA M S
31. AKSHAY KRISHNA
32. NAZIL SAINUDEEN
33. AKARSH B KURUP
34. VISHAL V NAIR
35. GOPUKRISHNA H

*********************************************************